**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6436** **10-11-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ വില്ലേജ് വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിലെ നറുകര വില്ലേജ് വിഭജിച്ച് കരുവമ്പ്രം വില്ലേജ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജുകളുടെ വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | മണ്ഡലത്തിലെ തൃക്കലങ്ങോട്, പാണ്ടിക്കാട്, എടപ്പറ്റ വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (ബി) | തൃക്കലങ്ങോട് വില്ലേജിന്റെ രണ്ടു നിലകളും കോൺക്രീറ്റ് നിർമ്മാണം പൂർത്തിയായി. വാതിൽ, ജനൽ ഫിറ്റിങ്ങ്സ് പ്രവൃത്തികൾ നടന്നു വരുന്നു. എടപ്പറ്റ വില്ലേജ് ഓഫീസിന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ നടന്നു വരുന്നതും കൂടാതെ ടി നിർമ്മാണ സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ സോഷ്യൽ ഫോറസ്ട്രിയുമായി ബന്ധപ്പെട്ട് മുറിച്ചു മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചും വരുന്നു. |
| (സി) | എടപ്പറ്റ വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (സി) | തൃക്കലങ്ങോട് വില്ലേജിന്റെ രണ്ടു നിലകളും കോൺക്രീറ്റ് നിർമ്മാണം പൂർത്തിയായി. വാതിൽ, ജനൽ ഫിറ്റിങ്ങ്സ് പ്രവൃത്തികൾ നടന്നു വരുന്നു. എടപ്പറ്റ വില്ലേജ് ഓഫീസിന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ നടന്നു വരുന്നതും കൂടാതെ ടി നിർമ്മാണ സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ സോഷ്യൽ ഫോറസ്ട്രിയുമായി ബന്ധപ്പെട്ട് മുറിച്ചു മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചും വരുന്നു. |

സെക്ഷൻ ഓഫീസർ